(സി) കെ.എസ്.ഐ.ഡി.സി.യുടെ ധനസഹായത്തോടെ ആരംഭിച്ച കമ്പനികളിലൂടെ പുതുതായി ഉണ്ടായ തൊഴിലവസരങ്ങൾ:

സ്വകാര്യ മേഖല	-	6082 എണ്ണം
പൊതുമേഖല	-	60 എണ്ണം
പബ്ലിക് ലിമിറ്റഡ്	-	375 എണ്ണം.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി&ഇ) കെ.എസ്.ഐ.ഡി.സി.യുടെ ധനസഹായത്തോടെ ആരംഭിച്ച കമ്പനികളിൽ എറണാകുളം ജില്ലയിലെ 2 സ്വകാര്യ സ്ഥാപനങ്ങൾ പൂട്ടിയതിലൂടെ 436 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

വ്യവസായ സ്ഥാപനങ്ങളിലെ പ്രതിസന്ധി

165(2366) ശ്രീ. എം. എ. ബേബി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പൊതുസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അധികൃതരുടെ അഴിമതിയും കെടുകാര്യസ്ഥതയും കാരണം പല വ്യവസായ സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാകുന്നതിന്റെ പ്രധാന കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ പൊതുമേഖലയിൽ ഏതെങ്കിലും വ്യവസായ സ്ഥാപനം തുടങ്ങുകയുണ്ടായോ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതുമേഖല സ്ഥാപനങ്ങൾ ഏതൊക്കെയായിരുന്നു?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതു സ്ഥിതി സർക്കാർതലത്തിൽ വിലയിരുത്താറുണ്ട്. ഇൻഡ്യയിലെ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച നമ്മുടെ പൊതുമേഖലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ അഞ്ചുവർഷങ്ങളായി കാഴ്ചവച്ചിട്ടുള്ളത്. സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി അവലോകനം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള സംവിധാനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാബോർഡ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ഇല്ല. വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, വിദേശ രാജ്യങ്ങളിൽനിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, ആഗോളവത്കരണത്തിന്റെ ഭാഗമായി വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ്, വിപണന ചെലവുകൾ ഉൾപ്പെടെയുള്ളവയുടെ വർദ്ധനവ്, പലിശയിനത്തിലുള്ള വർദ്ധനവുകൾ, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തിന് വിഘാതമാകുന്ന കാരണങ്ങളാണ്. ഇറക്കുമതിയും വിപണിയിൽനിന്നുള്ള കടുത്ത മത്സരത്തെയും വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും മൂലധനത്തിന്റെ അപര്യാപ്തതയും പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണമായിട്ടുണ്ട്. ഈ പ്രതിസന്ധികളെ അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ മത്സര ക്ഷമതയുള്ളവയാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(ഡി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സിഡ്കോയുടെ അധീനതയിൽ ഒരു ഹൈടെക് ഫർണിച്ചർ നിർമ്മാണ യൂണിറ്റ് സർക്കാരിന്റെ ധനസഹായത്തോടുകൂടി മലപ്പുറം ജില്ലയിൽ വേങ്ങരയിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മുൻ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട ഒൻപത് പൊതുമേഖലാ യൂണിറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* എന്നാൽ ഇവയിൽ 6 സ്ഥാപനങ്ങളിലാണ് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചത്. വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാത്ത സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു: കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള

1. ആലപ്പുഴ ജില്ലയിലെ കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ
2. കണ്ണൂർ ജില്ലയിലെ പിണറായിയിലെ ഹൈടെക് വീവിംഗ് മിൽ
3. കാസർഗോഡ് ജില്ലയിലെ ഉദുമ ടെക്സ്റ്റൈൽ മിൽ.

ഇവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly